**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6705** **21-03-2023 - ൽ മറുപടിയ്ക്ക്**

**ടൂറിസത്തിനായുള്ള മൊബൈൽ ആപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ടൂറിസം മേഖലകൾ ഉൾപ്പെടുത്തി കൊണ്ടുള്ള മൊബൈൽ ആപ്പ് ടൂറിസം വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; | (എ) | **മൊബൈൽ ആപ്പ്**<br><br>ആധുനിക കാലഘട്ടത്തിന്റെ ആവശ്യകതയ്ക്ക് അനുസരിച്ച് ഡിജിറ്റൽ മാർക്കറ്റിംഗിലൂടെ ടൂറിസം പ്രചാരണം കാര്യക്ഷമമാക്കുക എന്ന ഉദ്ദേശത്തോടുകൂടി ടൂറിസം വകുപ്പ് മൊബൈൽ ആപ്പ് തയ്യാറാക്കിയിട്ടുണ്ട് .<br><br>കേരളത്തിലെ വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളെക്കുറിച്ചും, വിവിധ ആഘോഷങ്ങളെക്കുറിച്ചും, സഞ്ചാരികൾക്ക് തങ്ങളുടെ മൊബൈലിലൂടെ മനസ്സിലാക്കുന്നതിന് ഉതകുന്ന രീതിയിലാണ് മൊബൈൽ ആപ്പ് ഡിസൈൻ ചെയ്തിരിക്കുന്നത്.<br><br>ഈ ആപ്പിലൂടെ സഞ്ചാരികൾക്കു അവരുടെ യാത്ര പ്ലാൻ ചെയ്യുന്നതിനും സാധിക്കുന്നു. ഈ ആപ്പ് പ്ലേസ്റ്റോർ വഴിയും, ഐ.ഒ.എസ് സ്റ്റോർ വഴിയും ലഭ്യമാണ്<br><br>**വാട്സ്ആപ്പ് ചാറ്റ് ബോട്ട്**<br><br>കേരളത്തിലെ വിനോദസഞ്ചാര മേഖലയെ കാര്യക്ഷമമായി അടുത്തറിയാൻ വിനോദ സഞ്ചാരികൾക്ക് അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടെ ടൂറിസം വകുപ്പ് ആരംഭിച്ച വാട്സ് ആപ്പ് ചാറ്റ് ബോട്ട് സേവനമാണ് **'മായ'.** വിനോദസഞ്ചാര കേന്ദ്രങ്ങളെ അടിസ്ഥാനമാക്കി ആരംഭിച്ച രാജ്യത്തെ ആദ്യ ചാറ്റ് ബോട്ട് സംവിധാനമാണിത്. 7510512345 എന്ന വാട്സാപ്പ് നമ്പറിലേക്ക് ഒരു ഹായ് അയച്ചോ അല്ലെങ്കിൽ ക്യൂ ആർ കോഡ് സ്കാൻ ചെയ്തുകൊണ്ടോ സംസ്ഥാനത്തിന്റെ വിവിധ വിനോദസഞ്ചാര മേഖലകളെക്കുറിച്ചുള്ള വിവരങ്ങൾ അറിയാൻ സഞ്ചാരികൾക്ക് സാധിക്കും. വെർച്ചൽ ടാവൽ |

| | | | |
|---|---|---|---|
| | | | അസ്സിസ്റ്റന്റ് ആയ '**മായ**' വിനോദസഞ്ചാരികളുടെ ചോദ്യങ്ങൾക്ക് ഉടനടി പ്രതികരിക്കുകയും സംസ്ഥാനത്ത് തടസ്സരഹിതമായ യാത്രാ അനുഭവത്തിന് ആവശ്യമായ എല്ലാ വിവരങ്ങളും നൽകുകയും ചെയ്യുന്നു. ലക്ഷ്യസ്ഥാനങ്ങൾ, അനുഭവങ്ങൾ, താമസം, യാത്രകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ '**മായ**' പങ്കിടുന്നു.<br><br>ഇതിനു പുറമെ കേരളത്തിലെ വിവിധ വിനോദസഞ്ചാര മേഖലകളെ കുറിച്ചുള്ള ബ്രോഷറുകളും പോസ്റ്ററുകളും വാട്സാപ്പിലൂടെ ഉപഭോക്താക്കൾക്ക് ഡൗൺലോഡ് ചെയ്യാനുമാകും. സാങ്കേതിക വിദ്യയുടെ പിൻബലത്തോടെ ടൂറിസം മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ച ചാറ്റ്ബോട്ട് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്നുണ്ട്. 2022 മാർച്ചിൽ സേവനം ആരംഭിച്ച മായ ഇതിനോടകം ഏകദേശം 3,09,600 ചാറ്റുകൾ പിന്നിട്ടു. |
| (ബി) | ഇല്ലെങ്കിൽ ആയത് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം |

സെക്ഷൻ ഓഫീസർ